# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4212** — **28-06-2024 - ൽ മറുപടിയ്ക്ക്**

## കെട്ടിട നിർമ്മാണ നികുതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മത സ്ഥാപനങ്ങൾ, മദ്രസകൾ, മതപഠനശാലകൾ എന്നിവയ്ക്ക് കെട്ടിട നിർമ്മാണ ഫീസിലും നികുതിയിലും ഇളവ് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ചുള്ള ഉത്തരവുകൾ/സർക്കുലറുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | പെർമിറ്റ് ഫീസ് ഒഴിവാക്കി നൽകുന്നതിന് നിലവിൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നില്ല.1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, (വകുപ്പ് 207(1)) (a) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് {വകുപ്പ് 235(1) (a) } എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം, "പൊതു ആരാധനയ്ക്കായി നീക്കിവച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾ, മതപഠനശാലകൾ ” ഇവയെ നികുതി, സേവന ഉപനികുതി എന്നിവ ചുമത്തുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | നിലവിൽ നികുതിയിളവുകളും കെട്ടിട നിർമ്മാണ ഫീസ് ഇളവുകളും നൽകുന്നത് ഏത് തരത്തിലുള്ള കെട്ടിടങ്ങൾക്കാണെന്ന് വിശദീകരിക്കാമോ? | (ബി) | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 207; 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 235 എന്നിവ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങളെയും ഭൂമികളെയും നികുതി, സേവന ഉപനികുതി എന്നിവ ചുമത്തുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>(എ) പൊതു ആരാധനയ്ക്കായി നീക്കിവച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾ മതപഠന ശാലകൾ;<br><br>(ബി) കേന്ദ്ര സർക്കാർ വകയോ, സംസ്ഥാന സർക്കാർ വകയോ, എയ്ഡഡോ, കേന്ദ്രസർക്കാരിന്റെയോ സംസ്ഥാനസർക്കാരിന്റെയോ ധനസഹായത്തോടെപ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ വിദ്യാഭ്യാസ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത |

| | | | | |
|---|---|---|---|---|
| | | | | സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്നതുമായ ഹോസ്റ്റൽകെട്ടിടങ്ങളും,<br><br>(സി)രോഗികൾക്ക് സൗജന്യമായി ചികിത്സ ലഭ്യമാക്കുന്ന ആതുരാലയങ്ങൾ,<br><br>(ഡി)അഗതികൾക്കോ അനാഥർക്കോ ശാരീരികമായോ മാനസികമായോ വെല്ലുവിളി നേരിടുന്നവർക്കോ മാരകരോഗികൾക്കോ മൃഗങ്ങൾക്കോ അഭയം നൽകുന്നതും, ധർമ്മകാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതും എല്ലാ വിഭാഗം ജനങ്ങൾക്കും പ്രവേശനം നൽകുന്നതുമായ കെട്ടിടങ്ങൾ;<br><br>( ഇ) പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന ഗ്രന്ഥശാലകളും, വായനശാലകളും സൗജന്യമായി ഉപയോഗിക്കാവുന്ന കളിസ്ഥലങ്ങളും;<br><br>(എഫ്) പ്രാചീന സ്മാരകങ്ങൾ സംരക്ഷിക്കുന്നത് സംബന്ധിച്ച് തൽസമയം നിലവിലിരിക്കുന്ന നിയമപ്രകാരം സംരക്ഷിക്കപ്പെട്ടുപോരുന്ന പ്രാചീന സ്മാരകങ്ങളും, വാസഗൃഹങ്ങളായോ പൊതു ഓഫീസുകളായോ ഉപയോഗിക്കപ്പെടാത്ത അവയുടെ ഭാഗങ്ങളും;<br><br>(ജി) ശവം അടക്കുകയും ദഹിപ്പിക്കുകയും ചെയ്യുന്ന സ്ഥലങ്ങൾ;<br><br>(എച്ച്) ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വക കെട്ടിടങ്ങളും, സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടങ്ങളും;<br><br>(ഐ) ഉടമസ്ഥൻ സ്വന്തം വാസഗൃഹമായി ഉപയോഗിക്കുന്നതും തറവിസ്തീർണ്ണം അറുപത് ചതുരശ്രമീറ്ററിൽ കൂടാത്തതുമായ കെട്ടിടങ്ങൾ;<br><br>(ജെ) സർക്കാരോ അർദ്ധസർക്കാർ സ്ഥാപനങ്ങളോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യമായി നിർമ്മിച്ചുകൊടുക്കുന്ന വാസഗൃഹങ്ങൾ;<br><br>2019- ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ പെർമിറ്റ് ഫീസ് ഇളവ് ചെയ്ത് നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നില്ല.എന്നാൽ 80 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീസ് വർദ്ധിപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ